## പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2012 ഡിസംബർ 19, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ശ്രദ്ധ ക്ഷണിക്കൽ**

(1) ദേശീയപാതയുടെ വികസനം

ശ്രീ. ജോസ് തെറ്റയിൽ: കേരളത്തിലെ ദേശീയപാതകളുടെ വികസനവും പൊതുമരാമത്ത് റോഡുകളുടെ അറ്റകുറ്റപണികളും യഥാസമയം നടക്കുന്നില്ല. വാഹനങ്ങളുടെ എണ്ണവും വാഹന വിപണിയുടെ വളർച്ചയുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ ദേശീയപാതയുടെ എണ്ണവും ദൈർഘ്യവും തീരെ അപര്യാപ്തവും മേജർ ഡിസ്ട്രിക്ട് റോഡിന്റെ നിലവാരം പോലുമില്ലാത്തവയുമാണ്. വാഹനത്തിരക്ക് അനുസരിച്ചുള്ള സ്റ്റെബിലിറ്റി ഇല്ലാത്തതിനാൽ റോഡുകൾ അപകടക്കെണിയിലാണ്. മറ്റുസംസ്ഥാനങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ കേരളത്തിൽ വാഹനാപകട നിരക്ക് വളരെക്കൂടുതലും അതിൽ എഴുപതുശതമാനവും 1513 കിലോമീറ്റർ മാത്രം വരുന്ന ദേശീയപാതകളിലുമാണ്. കേരളത്തിൽ നടപ്പിലാക്കിവരുന്ന

വിഴിഞ്ഞം തുറമുഖം പോലുള്ള പദ്ധതികൾ പൂർത്തിയാകുമ്പോൾ ഗതാഗത പ്രശ്നം ഇതിലും രൂക്ഷമാകും. ദേശീയ പാതകളിൽ ടോൾ ഗേറ്റുകളുടെ എണ്ണം വളരെ കൂടുതലും ഈടാക്കുന്ന തുക ക്രമാതീതവുമാണെന്നുമാത്രമല്ല ഹ്രസ്വദൂര-ദീർഘദൂര യാത്രക്കാർ ഒരേ രീതിയിൽ ടോൾ നൽകേണ്ടിയുംവരുന്നു. പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ പദ്ധതിച്ചെലവിൽ വൻവർദ്ധനവുണ്ടാകുന്നു. ദേശീയപാതകൾക്കും ബൈപ്പാസുകൾക്കുംവേണ്ടി വർഷങ്ങൾക്കുമുമ്പ് ആരംഭിച്ച സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കി പണി ആരംഭിക്കണം. പാർക്കിംഗ് സംവിധാനം, വിശ്രമസ്ഥലം, ടോയ്‌ലറ്റുകൾ, ബസ്‌ബേകൾ, നടപ്പാതകൾ, ട്രാഫിക് സിഗ്നലുകൾ തുടങ്ങിയവ കേരളത്തിലെ നാഷണൽ ഹൈവേകളിൽ ആവശ്യമാണ്. കേരളത്തിലെ ദേശീയപാതകളുടെ അറ്റകുറ്റപ്പണികൾക്കായി നാഷണൽ ഹൈവേ അതോറിറ്റി പണം അനുവദിക്കണം. പി.ഡബ്ല്യു.ഡി. ഏറ്റെടുത്ത പഞ്ചായത്ത് റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി പണം അനുവദിക്കുകയും കേരളത്തിലെ ഗതാഗതപ്രശ്നം പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുകയും വേണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): കേരളത്തിലെ റോഡുകളുടെ വികസനത്തിന് ആവശ്യമായ സ്ഥലം ലഭ്യമാകുന്നില്ല. പാല്യേക്കര ടോൾപിരിവിന്റെ പ്രശ്നം മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ചചെയ്ത് പരിഹരിക്കുകയും കട്ട്ഓഫ് ഡേറ്റ് നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. മണ്ണുത്തി-ഇടപ്പള്ളി ദേശീയപാതയുടെ ബാക്കിയുള്ള പണി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പ്രസ്തുത യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. എൻ.എച്ച്.-47-ലെ കരയാംപറമ്പ് വളവിലെ

പ്രശ്നം പരിഹരിക്കുന്നതിന് ഇതുമായി ബന്ധപ്പെട്ട സാങ്കേതിക വിദഗ്ധരുടെ റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇപ്പോൾ പരിഗണനയിലുള്ള കോറിഡോർ നെറ്റ്‌വർക്ക് പദ്ധതി പൂർത്തിയാകുന്നതോടു കൂടി കേരളത്തിലെ ഗതാഗത പ്രശ്നം പരിഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ആലപ്പുഴ, കൊല്ലം ബൈപ്പാസുകളുടെ നിർമ്മാണച്ചെലവിന്റെ പകുതിവീതം കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ വഹിക്കുന്നതിനുള്ള എം.ഒ.യു. ഒപ്പിടുകയും അതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതുമാണ്. തിരുവനന്തപുരം, കോഴിക്കോട്, തലശ്ശേരി, മാഹി ബൈപ്പാസുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾക്ക് നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. അങ്കമാലി ബൈപ്പാസിന്റെ ഡി.പി.ആർ. സംബന്ധിച്ച് ആർ.ബി.ഡി.സി.-യുടെ പ്രാഥമിക റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. സാമ്പത്തിക ലഭ്യതയനുസരിച്ച് പ്രസ്തുത പദ്ധതി പരിഗണിക്കുന്നതാണ്. ബൈപ്പാസുകളെ പ്രോത്സാഹിപ്പിക്കുന്ന നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. റോഡ് നിർമ്മാണത്തിലെ എഞ്ചിനിയറിംഗ് ഡിഫക്ട്സ് പരിഹരിക്കുന്നതിനായി എൻ.എച്ച്.എ.ഐ.-യിൽനിന്നും കേന്ദ്രഗവൺമെന്റിൽനിന്നും കൂടുതൽ തുക അനുവദിപ്പിക്കുന്നതിന് ആവശ്യമാണെങ്കിൽ ഒരു സർവ്വകക്ഷി യോഗം വിളിച്ചു ചേർക്കുന്നതിനും ഗവൺമെന്റ് തയ്യാറാണ്.

(2) വനാതിർത്തി ഭിത്തികെട്ടി തിരിക്കൽ

ശ്രീ. സണ്ണി ജോസഫ്: വനാതിർത്തി പ്രദേശങ്ങളിൽ വന്യമൃഗാക്രമണങ്ങൾമൂലം കൃഷിനാശം, ജീവനാശം എന്നിവ തുടർക്കഥയാകുകയാണ്. വന്യമൃഗങ്ങളുടെ എണ്ണം വർദ്ധിച്ചതു കാരണം മനുഷ്യരും മൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ നിത്യസംഭവമായിരിക്കുകയാണ്. ഇലക്ട്രിക് ഫെൻസിംഗും ട്രെഞ്ചുകളും പ്രായോഗികമല്ല. വന്യമൃഗാക്രമണം തടയുന്ന

തുമായി ബന്ധപ്പെട്ട് ഓരോ വർഷവും ചെലവഴിക്കുന്ന തുകയുടെ പകുതി യെങ്കിലും വന്യമൃഗസംരക്ഷണകേന്ദ്രങ്ങളായി പ്രഖ്യാപിച്ച പ്രദേശങ്ങളെ കരിങ്കൽ ഭിത്തി കെട്ടി സംരക്ഷിക്കാൻ വിനിയോഗിക്കണം. വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിൽ ശാശ്വത പരിഹാരത്തിനായി കരിങ്കൽഭിത്തി കെട്ടാ നുള്ള ദീർഘകാല പദ്ധതിക്ക് രൂപം നൽകുന്നതിനും വന്യമൃഗങ്ങളുടെ ആക്രമ ണത്തിന് ഇരയാകുന്നവർക്കുള്ള നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്നതിനും ആറളം, കൊട്ടിയൂർ വന്യജീവി സങ്കേതങ്ങൾക്ക് മാത്രമായി റാപ്പിഡ് ആക്ഷൻ ഫോഴ്സിന്റെ ഒരു യൂണിറ്റ് ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ.ബി ഗണേഷ് കുമാർ): മൃഗങ്ങളെ വേട്ടയാടുന്നത് കുറഞ്ഞതോടെ വന്യമൃഗങ്ങ ളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. കാട്ടുപന്നിയെ വെടിവയ്ക്കുന്ന തിന് പുറപ്പെടുവിച്ച ഉത്തരവിൽ അപാകതകളുള്ളതിനാൽ അത് പരിഷ്കരി ക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. വനാതിർത്തിയിൽ ഇലക്ട്രിക് ഫെൻസിംഗും കിടങ്ങുകളും നിർമ്മിക്കുന്നതിനായി 12.75 കോടി രൂപയുടെ പദ്ധതി നിലവിലുണ്ട്. വയനാട്ടിൽ നബാർഡിന്റെ സഹായത്തോടെ വനം വികസന കോർപ്പറേഷൻ ആരംഭിച്ച അഞ്ചരക്കോടി രൂപയുടെ പദ്ധതിയുടെ അഞ്ചു വർഷത്തെ മെയിന്റനൻസ് അവർ തന്നെ ചെയ്യുന്നതാണ്. വന്യമൃ ഗാക്രമണം രൂക്ഷമായതിനെത്തുടർന്ന് എല്ലാ നിയോജകമണ്ഡലങ്ങളിലും എം.എൽ.എ.-മാരുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച സമിതികളുടെ നിർദ്ദേശ പ്രകാരം ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശത്തിന് ചുറ്റുമാണ് ഫെൻസിംഗ് നിർമ്മിക്കുന്നത്. ഒരു കിലോമീറ്റർ കരിങ്കൽ മതിൽ നിർമ്മാണത്തിന് എഴുപത് ലക്ഷം രൂപ ചെലവ് വരും. വനംവകുപ്പിൽ എട്ട് റാപ്പിഡ് ആക്ഷൻ

ഫോഴ്സുകൾ രൂപീകരിച്ചിട്ടുണ്ട് ആനത്താര പ്രോജക്ടിനുവേണ്ടി 400 ലക്ഷം രൂപ കണ്ണൂർ കളക്ടറെ ഏൽപ്പിച്ചിട്ടുണ്ട്. കുരങ്ങ്, പുലി തുടങ്ങിയ മൃഗങ്ങളെ പിടിക്കുന്നതിനുള്ള കൂട് നിർമ്മിക്കാൻ ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ ഏൽപ്പിച്ചിട്ടുണ്ട്. കൂടുകൾ ലഭിച്ചുകഴിഞ്ഞാൽ മൃഗങ്ങളെ പിടിക്കുന്നതിനും കാട്ടിൽക്കൊണ്ടാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. വന്യമൃഗങ്ങളുടെ ആക്രമണങ്ങൾമൂലം മരണം സംഭവിച്ചവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരത്തുക മൂന്ന് ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടുതൽ റാപ്പിഡ് ആക്ഷൻ ഫോഴ്സ് രൂപീകരിക്കുന്ന വിഷയം മുഖ്യമന്ത്രിയുടെയും ധനകാര്യ വകുപ്പുമന്ത്രിയുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്.

**സബ്മിഷൻ**

(1) സഭാതർക്കം

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ശ്രേഷ്ഠ കാതോലിക്കാ ബാവ നിരാഹാര സമരം അനുഷ്ഠിക്കുന്ന സാഹചര്യത്തിൽ സഭാതർക്കം പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സഭാതർക്കം സംബന്ധിച്ച് രൂപീകരിച്ച ക്യാബിനറ്റ് സബ് കമ്മിറ്റി സഭയുടെ ഇരുവിഭാഗങ്ങളുമായി സംസാരിച്ചെങ്കിലും പ്രശ്നങ്ങൾ പൂർണ്ണമായി പരിഹരിച്ചിട്ടില്ല. കുറിഞ്ഞിപ്പള്ളിയിൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചർച്ച നടത്തി സമരം പിൻവലിച്ചിട്ടുണ്ട്. തർക്കം പരിഹരിക്കുന്നതിന് ഉദ്യോഗസ്ഥർ അടങ്ങുന്ന ഒരു കമ്മിറ്റികൂടി വേണമെന്ന തീരുമാനത്തിൽ എത്തിയിട്ടുണ്ട്. ആ കമ്മിറ്റിയുടെ ചർച്ചയിൽ സഭാതർക്കത്തിന് പരിഹാരം കാണാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(2) എക്സ്ഗ്രേഷ്യ പെൻഷൻകാരുടെ പെൻഷൻ പരിഷ്ക്കരണം

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്.അച്ചുതാനന്ദൻ) : സംസ്ഥാനത്തെ എക്സ്ഗ്രേഷ്യ പെൻഷൻകാരുടെ പെൻഷൻ തുക പരിഷ്ക്കരിക്കുന്നതിനും അനന്തരാവകാശികൾക്ക് കുടുംബ പെൻഷൻ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): മിനിമം പെൻഷൻ ലഭിക്കാൻ അർഹ തയില്ലാതെ സർവ്വീസിൽ നിന്ന് വിരമിക്കുന്നവർക്ക് ഒരു ആശ്വാസമെന്ന നിലയ്ക്കാണ് എക്സ്ഗ്രേഷ്യ പെൻഷൻ നൽകുന്നത്. ഇത് കാലാകാലങ്ങ ളിൽ ശമ്പള പരിഷ്ക്കരണത്തോടനുബന്ധിച്ചാണ് പുതുക്കുന്നത്. വർദ്ധിച്ച പെൻഷൻ ബാദ്ധ്യതയുള്ളതിനാൽ പെട്ടെന്നൊരു പെൻഷൻ വർദ്ധനവിനെ ക്കുറിച്ച് സർക്കാർ ഇപ്പോൾ ആലോചിക്കുന്നില്ല. തീർച്ചയായിട്ടും അടുത്ത ശമ്പള പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് ഇത് പരിഷ്ക്കരിക്കും. കുടുംബ പെൻഷൻ ഇവർക്ക് കൊടുക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(3) പി.എസ്.സി. നിയമനം

ശ്രീ. വി.റ്റി.ബൽറാം: വിവിധ വകുപ്പുകളിൽ നിന്നും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളിലേയ്ക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനും കെ.എസ്.ആർ.ടി.സി.-യിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുള്ള മുഴുവൻ ഒഴിവുകളും നികത്തുന്നതിനും പെൻഷൻ പ്രായം ഉയർത്തുന്നതുമായി ബന്ധപ്പെട്ട് ചെറുപ്പക്കാർക്കിടയിൽ ഉണ്ടായി ട്ടുള്ള ആശങ്ക ദുരീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ലെങ്കിലും അഥവാ വർദ്ധിപ്പിക്കുകയാ ണെങ്കിൽ എല്ലാ യുവജന സംഘടനകളെയും വിശ്വാസത്തിലെടുത്ത് അവരു

മായി ചർച്ച ചെയ്ത് അവർക്കുകൂടി സ്വീകാര്യമായ നിലപാടായിരിക്കും സ്വീകരിക്കുന്നത്. സംസ്ഥാനത്ത് നിയമന നിരോധനമില്ലെന്നുമാത്രമല്ല ഈ ഗവൺമെന്റ് വന്നതിനുശേഷം പതിമൂവായിരത്തിലധികം പുതിയ തസ്തികകൾ സൃഷ്ടിക്കുകയും നാല്പതിനായിരത്തിലധികം പേർക്ക് ജോലി നൽകുകയും ചെയ്തു. കെ.എസ്.ആർ.ടി.സി.-യിൽ **9016** വേക്കൻസി റിപ്പോർട്ട് ചെയ്തെങ്കിലും യഥാർത്ഥ ഒഴിവ് **3808** മാത്രമേയുള്ളു.

(3) <u>കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികൾ</u>

<u>ശ്രീ. എ. എ. അസീസ്</u> : കശുവണ്ടി വികസന കോർപ്പറേഷനുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയ തുക ലഭ്യമാക്കി പൂട്ടിക്കിടക്കുന്ന ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി <u>(ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>): കഴിഞ്ഞ വർഷം **288** ദിവസവും ഈ വർഷം **231** ദിവസവും കശുവണ്ടി മേഖലയിൽ തൊഴിൽ നൽകാൻ സാധിച്ചിട്ടുണ്ട്. **01-11-2012** മുതലാണ് ഫാക്ടറികളുടെ പ്രവർത്തനം നിലച്ചത്. ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗിന്റെ റിപ്പോർട്ട് വന്നതിന്റെ അടിസ്ഥാനത്തിൽ എസ്.ടി. സി. മുഖാന്തിരമായിരിക്കണം പർച്ചേയ്സും സെയിൽസും നടത്തേണ്ടത്. ഗവൺമെന്റ് ഇത് പഠിച്ചുവരുന്നതേയുള്ളു. ഇനി കൊടുക്കാനുള്ള തുക സംബന്ധിച്ച തീരുമാനം ഇന്നത്തെ ക്യാബിനറ്റിൽ എടുക്കുന്നതാണ്.

(4) <u>പേരാമ്പ്ര മലബാർ മാർക്കറ്റിംഗ് കമ്മിറ്റി വക ഭൂമി</u>

<u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : പേരാമ്പ്ര മലബാർ മാർക്കറ്റിംഗ് കമ്മിറ്റി സ്വകാര്യ വ്യക്തിയിൽ നിന്നും ഏറ്റെടുത്ത ഭൂമി വിട്ടുകൊടുത്ത ഉത്തരവ് പിൻവലിച്ച് ഭൂമി സർക്കാർ അധീനതയിലാക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യുവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : പേരാമ്പ്ര മലബാർ മാർക്കറ്റിംഗ് കമ്പനിക്ക് ഗോഡൗൺ, യാർഡ്, ഓഫീസ് എന്നിവ നിർമ്മിക്കുന്നതിനായി ശ്രീമതി കല്യാണിയമ്മയുടെ **1.36** ഏക്കർ ഭൂമി സർക്കാർ ഏറ്റെടുത്തിരുന്നു. ടി. കമ്പനി ലിക്വിഡേറ്റ് ചെയ്യപ്പെട്ടതിനെത്തുടർന്ന് പ്രസ്തുത സ്ഥലം ലേലം ചെയ്യാൻ തീരുമാനിക്കുകയും ഉടമസ്ഥ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്ത് ഭൂമി തിരികെ നൽകണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. കോടതി വിധിയനുസരിച്ച് പരാതിക്കാരിക്ക് ഭൂമിയയ്ക്ക് നൽകിയ വിലയും നിയമാനുസൃതമായ പലിശയും ചേർത്തുള്ള തുകയോ മാർക്കറ്റ് വിലയോ ഏതാണ് കൂടുതൽ അത് ഈടാക്കി, ഭൂമി തിരിച്ച് നൽകുന്നതിന് **29-07-2003**-ൽ പുറപ്പെടുവിച്ച ഉത്തരവിനെ ചോദ്യം ചെയ്ത് പേരാമ്പ്ര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഹൈക്കോടതിയെ സമീപിക്കുകയും **20-11-2012**-ൽ അന്തിമവിധി വരികയും ചെയ്തു. ഈ വിധി പരിശോധിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(5) ഏലം കർഷകരുടെ പ്രശ്നങ്ങൾ

ശ്രീ. റോഷി അഗസ്റ്റിൻ: ഏലം കർഷകർക്ക് ഉല്പാദന ചെലവിനനുസൃതമായി വില ലഭിക്കാത്തതിനാൽ ഏലത്തിന് തറവില നിശ്ചയിക്കുന്നതിനും സ്വതന്ത്രമായി വിപണനം നടത്തുന്നതിന് കാർഡമം ആക്ടിൽ ഭേദഗതി വരുത്തുന്നതിനും 5 ശതമാനം വാറ്റ് എടുത്തുകളഞ്ഞ് ഏലത്തിന്റെ നികുതി ഏകീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): ഏലത്തിന്റെ ലേലം, ലൈസൻസിംഗ് എന്നിവ സംബന്ധിച്ച് ചട്ടങ്ങളും വ്യവസ്ഥകളും നിശ്ചയിക്കുന്നതിനായി സ്പൈസസ്

ബോർഡ് നടപടി സ്വീകരിച്ചുവരുന്നു. ഏലം കർഷകരുടെ ഉല്പന്നങ്ങൾ രജിസ്റ്റേർഡ് ഡീലേഴ്സിന് നേരിട്ടോ ലേലം മുഖേനയോ വില്പന നടത്താൻ അനുവാദം നൽകുന്നതിന് സ്പൈസസ് ബോർഡ് തീരുമാനിച്ചിട്ടുണ്ട്. അവർക്ക് സ്ഥിരമായ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്ന കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. ഏലം വില്പനയിലെ നികുതി ഘടനയിലുള്ള അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിന് നടപടികളെടുത്തിട്ടുണ്ട്.

(6) <u>റബ്ബർ വിലയിടിവ്</u>

<u>ശ്രീ. സാജു പോൾ</u>: റബ്ബറിന്റെ നിയന്ത്രണാതീതമായ വിലയിടിവുമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. മോഹനൻ)</u>: റബ്ബറിന്റെ വില മുൻവർഷങ്ങളെ അപേക്ഷിച്ച് വർദ്ധിച്ചിട്ടുള്ളതിനാൽ കർഷകർക്ക് ഭീമമായ നഷ്ടമുണ്ടാകാനിടയില്ല. ഈ വർഷം ഏപ്രിൽ മുതൽ നവംബർ വരെ **15,3,855** ടൺ റബ്ബർ ഇറക്കുമതി ചെയ്തതും ആഭ്യന്തര ഉപഭോഗത്തിൽ **4.1%** കുറവുണ്ടായതും ആഗോള മാന്ദ്യവും യൂറോപ്യൻ രാജ്യങ്ങളിലെ പ്രതിസന്ധിയും ചൈനയിൽ റബ്ബർ ശേഖരണത്തിലുണ്ടായ വർദ്ധനവും ആഭ്യന്തര വിപണിയിൽ റബ്ബറിന്റെ വില കുറയാനിടയാക്കിയിട്ടുണ്ട്. റബ്ബറിന്റെ വിലയിടിവ് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(7) <u>കാട്ടുമൃഗങ്ങളുടെ ശല്യം</u>

<u>ശ്രീ. റ്റി.യു. കുരുവിള</u>: കാട്ടുമൃഗങ്ങളുടെ ശല്യംമൂലം കൃഷിനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കാട്ടുപന്നികളെ കൊല്ലുന്നതിനുള്ള അപ്രായോഗിക വ്യവസ്ഥകളിൽ മാറ്റം വരുത്താനുള്ള നടപടി സ്വീകരിക്കണം.

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി <u>(ശ്രീ. കെ.ബി. ഗണേഷ് കുമാർ):</u> മനുഷ്യജീവനും സ്വത്തിനും ഭീഷണിയാകുന്ന കാട്ടുപന്നികളെ കൊല്ലുന്നതിനുള്ള അപ്രായോഗിക വ്യവസ്ഥകൾ ഒഴിവാക്കുന്നതിന് വനം വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(8) <u>മനീഷിന് സാമ്പത്തിക സഹായവും ജോലിയും നൽകൽ</u>

<u>ശ്രീ. വർക്കല കഹാർ</u>: അപകടത്തിൽപ്പെട്ട് കാഴ്ചനഷ്ടപ്പെട്ട വർക്കല ശ്രീനിവാസപുരം ഹരിജൻ കോളനിയിലെ ക്രിക്കറ്റ് താരം മനീഷിന് സർക്കാർ ജോലിയും സാമ്പത്തിക സഹായവും നൽകുന്നതിന് നടപടി സ്വീകരിക്കണം.

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി <u>(ശ്രീ. കെ.ബി. ഗണേഷ് കുമാർ):</u> ഒരു സ്പെഷ്യൽ കേസായി പരിഗണിച്ച് മനീഷിന് ജോലി നൽകുന്ന കാര്യം മുഖ്യമന്ത്രിയുമായി ആലോചിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(9) <u>ഫോറസ്റ്റ് വാച്ചർമാരുടെ നിയമനം</u>

<u>ശ്രീമതി ഇ. എസ്. ബിജിമോൾ:</u> പത്ത് വർഷത്തിൽ കൂടുതലായി സേവനം അനുഷ്ഠിച്ചുവരുന്ന ഫോറസ്റ്റ് വാച്ചർമാരെ സ്ഥിരപ്പെടുത്തുന്നതിനും അവർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനും നടപടി സ്വീകരിക്കണം.

വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി <u>(ശ്രീ. കെ. ബി. ഗണേഷ് കുമാർ)</u>: ട്രൈബൽ വിഭാഗത്തിൽപെടുന്ന 700-ഓളം വാച്ചർമാരുടെ

തസ്തിക സൃഷ്ടിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പത്തുവർഷത്തിൽ കൂടുതൽ ജോലി ചെയ്തുവരുന്ന ട്രൈബൽ വിഭാഗത്തിൽപ്പെട്ട വാച്ചർമാരെ സ്ഥിരപ്പെടുത്തുന്നതോടൊപ്പം പുതിയ ആൾക്കാരെക്കൂടി നിയമിച്ചുകൊണ്ട് വേക്കൻസികൾ നികത്തുന്നതാണ്. പെരിയാറിൽ ജോലി ചെയ്യുന്ന വാച്ചർമാർക്കെല്ലാം ഇൻഷ്വറൻസ് പരിരക്ഷ നൽകിയിട്ടുണ്ട്. മറ്റ് സ്ഥലങ്ങളിൽ ജോലി ചെയ്യുന്നവരുടെ ദിവസവേതനം വർദ്ധിപ്പിക്കുന്നതോടൊപ്പം ഇൻഷ്വറൻസ് കമ്പനികളിൽ ചേരുന്നതിനുള്ള അനുവാദവും നൽകുന്നതാണ്.

(10) <u>കാട്ടാന ശല്യം</u>

<u>ശ്രീ. എം. ഉമ്മർ</u>: മഞ്ചേരിയിലെ എടപ്പറ്റ പഞ്ചായത്തിലെ മൂന്നാടിയിൽ ഉണ്ടാകുന്ന കാട്ടാന ശല്യംഅവസാനിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കണം.

വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി <u>(ശ്രീ. കെ. ബി. ഗണേഷ് കുമാർ)</u>: സൈലന്റ്വാലി പദ്ധതിയുടെ ബഫർസോൺ മേഖലയിൽ കാട്ടാനശല്യം നേരിടുന്നതിന് അഞ്ച് കിലോമീറ്റർ ദൂരം ഫെൻസിംഗ് ഇടുകയും അത് മെയിന്റെയിൻ ചെയ്യുന്നതിന് അവിടുത്തെ പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ ഒരു ഗുണഭോക്തൃ കമ്മിറ്റി പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് സ്ഥലങ്ങളിലായി 11 കിലോമീറ്റർ കൂടി വേലി സ്ഥാപിച്ചിട്ടുണ്ട്. എം.എൽ.എ.-യുമായി ആലോചിച്ച് കൂടുതൽ സ്ഥലങ്ങളിൽ ഫെൻസിംഗ് ഇടുന്നതിനുള്ള സംവിധാനം ചെയ്യുന്നതാണ്.

(11) വിദ്യാർത്ഥികളുടെ യാത്രാപ്രശ്നം

ശ്രീ. എൻ. ഷംസുദ്ദീൻ: ബസ്സുകളുടെ കുറവും ജീവനക്കാരുടെ പീഡനങ്ങളുംമൂലം ദുരിതമനുഭവിക്കുന്ന വിദ്യാർത്ഥികളെ രക്ഷിക്കുന്നതിന് കൂടുതൽ സ്റ്റുഡന്റ്സ് ഒൺലി ബസ്സുകൾ ഓടിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): വിദ്യാർത്ഥി സംഘടനാ പ്രതിനിധികളുമായി നടത്തിയ ചർച്ചയിൽ കൈക്കൊണ്ട തീരുമാനമനുസരിച്ച് വിദ്യാർത്ഥികളുടെ പരാതികളിന്മേൽ കർശന നടപടി സ്വീകരിക്കാൻ ആർ.ടി.ഒ.-മാരെ അധികാരപ്പെടുത്തിയിട്ടുണ്ട്. കളകടർ ചെയർമാനായ ജില്ലാതല സ്റ്റുഡന്റ്സ് ഫെസിലിറ്റി കമ്മിറ്റിയുടെ യോഗം വർഷത്തിൽ രണ്ട് പ്രാവശ്യം വിളിച്ചുകൂട്ടാനും പരാതികൾ യഥാസമയം പരിഹരിക്കാനും നിർദ്ദേശം നൽകിയതോടൊപ്പം വിദ്യാർത്ഥികളെ ഏതെങ്കിലും രൂപത്തിൽ ഉപദ്രവിക്കുകയോ ബസ്സിൽ കയറ്റാതിരിക്കുകയോ ചെയ്യുന്നുണ്ടെങ്കിൽ കർശന നടപടി സ്വീകരിക്കാനും ആർ.ടി.ഒ.-മാരോട് നിർദ്ദേശിച്ചിട്ടുണ്ട്.

(12) കൂത്തമ്പലത്തിലുണ്ടായ അഗനിബാധ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: തൃശ്ശൂർ രാമനിലയം അതിഥി മന്ദിരത്തോടനുബന്ധിച്ച ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ കൂത്തമ്പലം തീപിടിച്ചു നശിച്ചതിനെപ്പറ്റി അന്വേഷണം നടത്താൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): കൂത്തമ്പലം കത്തി നശിച്ചതുമായി ബന്ധപ്പെട്ട് തൃശ്ശൂർ ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അറ്റകുറ്റപ്പണികൾ നടന്നുകൊണ്ടിരുന്ന വേളയിലാണ് തീപിടുത്തമുണ്ടായത്. ഇലക്ട്രിക്കൽ കണക്ഷൻ ഇല്ലാതിരുന്ന അവിടെ ജനറേറ്റർ ഉപയോഗിച്ചാണ് പണി

നടത്തിയതെന്ന അസിസ്റ്റന്റ് പ്രോജക്ട് എഞ്ചിനീയറുടെ റിപ്പോർട്ടുണ്ട്. 25-11-2012 മുതൽ കേസ് ക്രൈംബ്രാഞ്ചിന് കൈമാറിയിട്ടുണ്ട്.

(13) ആറൻമുള വള്ളസദ്യ

ശ്രീ. കെ. ശിവദാസൻ നായർ: ആറൻമുള വള്ളസദ്യ വഴിപാട് നടത്തിപ്പിൽ നിലവിലുള്ള സ്ഥിതി തുടരുന്നതിനാവശ്യമായ നിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) ആറന്മുള ശ്രീ പാർത്ഥസാരഥി ക്ഷേത്രത്തിൽ പള്ളിയോടക്കരയും പള്ളിയോട സേവാസംഘവും ചേർന്ന് നടത്തുന്ന വഴിപാടായ വള്ളസദ്യ ദേവസ്വം ബോർഡ് നേരിട്ട് നടത്തുന്ന കാര്യത്തിൽ ഭക്തജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുമെന്ന ആക്ഷേപമുണ്ടായതിനെത്തുടർന്ന് ഉചിതമായ തീരുമാനമെടുക്കുന്നതാണെന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(14) കുഴിമണ്ണ പി.എച്ച്.സി.

ശ്രീ. പി.കെ. ബഷീർ : കുഴിമണ്ണ പഞ്ചായത്തിലെ കീശ്ശേരി പി.എച്ച്.സി., കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കി ഉയർത്തുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.വി.എസ്. ശിവകുമാർ) : കൊണ്ടോട്ടി സി.എച്ച്.സി.-യുടെ കീഴിൽ പ്രവർത്തിക്കുന്ന കുഴിമണ്ണ പ്രാഥമികാരോഗ്യകേന്ദ്രത്തിൽ രണ്ട് അസിസ്റ്റന്റ് സർജൻമാരുൾപ്പെടെ പതിനാറ് തസ്തികകൾ അനുവദിക്കുകയും എൻ.ആർ.എച്ച്.എം. മുഖേന ഒരു ഫാർമസിസ്റ്റിന്റേയും ഒരു സ്റ്റാഫ് നഴ്സിന്റെയും സേവനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് കുഴിമണ്ണ പി.എച്ച്.സി.-യെ സി.എച്ച്.സി.-യായി ഉയർത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

(15) <u>മങ്കട രവിവർമ്മയ്ക്ക് സാംസ്കാരിക നിലയം</u>

<u>ശ്രീ.റ്റി.എ. അഹ്മദ് കബീർ</u>: മങ്കട രവിവർമ്മയുടെ സ്മരണ നിലനിർത്തുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനത്തോടെ ഒരു സാംസ്കാരിക നിലയം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി <u>(ശ്രീ. കെ.സി.ജോസഫ്)</u> : മലയാള സിനിമാ രംഗത്ത് അഗ്രഗണ്യനായിരുന്ന മങ്കട രവിവർമ്മയ്ക്ക് ജന്മനാട്ടിൽ സ്മാരകം നിർമ്മിക്കണമെന്ന പഞ്ചായത്തിന്റെ ആവശ്യം വനവും സ്പോർട്ട്സും സിനിമയും വകുപ്പു മന്ത്രിയുമായി ആലോചിച്ച് സർക്കാർ പരിഗണിക്കുന്നതും ആവശ്യമായ സ്ഥലം ലഭ്യമാക്കിയാൽ അനുകൂല തീരുമാനമെടുക്കുന്നതുമാണ്.

(16) <u>ചാത്തന്നൂർ-പരവൂർ റോഡ് നിർമ്മാണം</u>

<u>ശ്രീ. ജി.എസ്. ജയലാൽ</u> : ചാത്തന്നൂർ-പരവൂർ റോഡിന്റെ തകർന്നുകിടക്കുന്ന ഭാഗം പുനർനിർമ്മിക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി <u>(ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്)</u> : പരവൂർ-മണിയംകുളം വരെയുള്ള റോഡിന്റെ പുനർനിർമ്മാണത്തിനുള്ള ഭരണാനുമതിക്കായി എട്ട് കോടി രൂപയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ സമർപ്പിച്ചിരിന്നുവെങ്കിലും ഫണ്ടിന്റെ കുറവുമൂലം ഒരു കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഈ തുക അപര്യാപ്തമായതിനാൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(17) <u>പുതിയകാവിൽചിറ വാട്ടർ ടൂറിസം</u>

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : പുതിയകാവിൽചിറ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽ കുമാർ) : പത്തനംതിട്ട ജില്ലയിലെ അടൂർ മുനിസിപ്പാലിറ്റിയിൽ സ്ഥിതിചെയ്യുന്ന പ്രകൃതി രമണീയമായ വിനോദസഞ്ചാര കേന്ദ്രമായ പുതിയകാവിൽചിറ വൃത്തിയാക്കി സൗകര്യങ്ങളൊരുക്കി താൽക്കാലികമായി വിനോദസഞ്ചാരികൾക്ക് തുറന്നുകൊടുത്തിട്ടുണ്ട്. ഈ പ്രദേശത്തെ ഒരു ടൂറിസം കേന്ദ്രമായി വികസിപ്പിക്കാൻ കഴിയുമെന്ന് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ചിട്ടുള്ള എഴുപത്തിയൊന്ന് ലക്ഷത്തി എൺപതിനായിരം രൂപയുടെ പ്രോജക്ട് പ്രൊപ്പോസൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഈ പദ്ധതി വർക്കിംഗ് ഗ്രൂപ്പ് പരിഗണിക്കുന്നതും തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

(18) ശുദ്ധജലവിതരണ സംവിധാനം

ശ്രീ. എസ്.ശർമ്മ: കടുത്ത ശുദ്ധജല ക്ഷാമം അനുഭവപ്പെടുന്ന വൈപ്പിൻ ദ്വീപിലെ എട്ട് പഞ്ചായത്തുകൾക്കായി നിലവിലുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ പ്രവർത്തനം കാര്യക്ഷമമല്ലാത്തതിനാൽ ജനങ്ങൾ വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്ന സാഹചര്യത്തിൽ ജിഡ പദ്ധതിയുടെ അവശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ച് ശുദ്ധജല വിതരണം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ.ജോസഫ്) : ആറ് പഞ്ചായത്തുകളും കൊച്ചി കോർപ്പറേഷന്റെ കുറച്ച് ഭാഗവും ഉൾപ്പെട്ട വൈപ്പിൻ ദ്വീപിലെ പള്ളിപ്പുറം, കുഴിപ്പള്ളി, എടവനക്കാട്, നായരമ്പലം പഞ്ചായത്തുകളിലും ഞാറയ്ക്കൽ പഞ്ചായത്തിന്റെ പകുതി ഭാഗത്തും ശുദ്ധജലവിതരണം നടത്തുന്ന നോർത്ത് പറവൂർ പമ്പ് ഹൗസിൽ നിലവിലുള്ള പമ്പിംഗ് അപര്യാപ്ത

മായതിനാൽ ചൊവ്വര പദ്ധതിയിൽ വിഭാവനം ചെയ്തതുപോലെ കുടിവെള്ള മെത്തിക്കാൻ സാധിക്കുന്നില്ല. എടവനക്കാട് ഉപരിതല സംഭരണിയുടെ നിർമ്മാണത്തിനും പറവൂർ പമ്പ് ഹൗസിൽനിന്നുള്ള 400 എം.എം. പൈപ്പുകൾ സ്ഥാപിക്കുന്നതിനുമുള്ള പദ്ധതി ജിഡ, ഫിഷറീസ് എന്നിവയുടെ ധന സഹായത്തോടെ നടപ്പിലാക്കുന്നതിന് തീരുമാനമെടുക്കുകയും അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പണികളിൽ റോഡ് മുറിച്ച് പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി പൊതുമരാമത്ത് വകുപ്പിൽനിന്നും ലഭ്യമല്ലാത്തതിനാൽ പണി ആരംഭിക്കാൻ സാധിച്ചിട്ടില്ല. നായരമ്പലം, ഞാറയ്ക്കൽ പഞ്ചായത്തുകളുടെ പകുതി ഭാഗത്തേയ്ക്കുള്ള പദ്ധതിയുടെ പണികൾ പുരോഗതിയിലാണ്. പി.ഡബ്ല്യൂ.ഡി. അനുമതി ലഭ്യമായാൽ ആറ് മാസത്തിനുള്ളിൽ പണികൾ പൂർത്തീകരിക്കുന്നതും വൈപ്പിൻ ദ്വീപിലേയ്ക്കുള്ള ശുദ്ധജല വിതരണം മെച്ചപ്പെടുത്തുന്നതുമാണ്.

മേശപ്പുറത്തുവച്ച കടലാസുകൾ

ചട്ടം 47(2) അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

റിപ്പോർട്ട് സമർപ്പണം

എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ മൂന്ന് മുതൽ ആറ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## നിയമനിർമ്മാണകാര്യം

### സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾപരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

### (1) 2012-ലെ കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ഭേദഗതി ബിൽ

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. വ്യത്യസ്തമായ രാഷ്ട്രീയ സാഹചര്യങ്ങൾ നിലനിൽക്കുന്ന സ്ഥിതിയിലാണ് കൂറുമാറ്റ നിരോധന ബിൽ കൊണ്ടുവന്നിരിക്കുന്നത്. ഭരണത്തിന് നേതൃത്വം കൊടുക്കുന്ന രാഷ്ട്രീയ പാർട്ടികൾ വിവിധ ഗ്രൂപ്പുകളായി പ്രവർത്തിച്ചുവരുന്ന പശ്ചാത്തലത്തിൽ ഈ നിയമം എങ്ങനെ പ്രായോഗികമാകുമെന്ന കാര്യത്തിലാണ് വിയോജിപ്പുള്ളത്. ഗ്രൂപ്പിന്റെ ആധിക്യംകൊണ്ട് രാഷ്ട്രീയപ്പാർട്ടികൾക്ക് സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണസംവിധാനത്തെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ കൂറുമാറ്റ നിരോധന നിയമം വളരെ അവധാനതയോടുകൂടി നടപ്പാക്കണം. രാഷ്ട്രീയത്തിൽ കൂറുമാറ്റത്തിന്റെ തലങ്ങൾ മാറിയിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ കൂറുമാറ്റ നിരോധനനിയമം

ഏതുവിധത്തിൽ പ്രാബല്യത്തിൽ വരുത്താൻ സാധിക്കുമെന്ന് വ്യക്തതയില്ല. തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ ഏത് രാഷ്ട്രീയ പാർട്ടിയുടെ പിന്തുണയോടുകൂടിയാണോ ജയിച്ചുവന്നത്, ആ പാർട്ടിയുടെ താല്പര്യത്തിന്റെകൂടെ നിൽക്കണമെന്നുള്ള ഉദാത്തമായ ജനാധിപത്യ സങ്കൽപ്പമാണ് സർക്കാരിനെ ഈ ഭേദഗതിയിലേയ്ക്ക് നയിച്ചിട്ടുള്ളത്. കോർപ്പറേറ്റുകളുടെ താല്പര്യങ്ങൾക്കനുസരിച്ച് തീരുമാനങ്ങളെടുക്കുന്ന രാഷ്ട്രീയ സാഹചര്യത്തിൽ ഈ നിയമം അത്യന്തം അപ്രായോഗികമാണ്. രാഷ്ട്രീയമായ ഇച്ഛാശക്തിയില്ലാത്ത ഗവൺമെന്റിന് കൂറുമാറ്റ നിരോധന നിയമം കൊണ്ടുവരാൻ അർഹതയില്ല.

<u>ശ്രീ. പി.റ്റി.എ. റഹീം</u> : വിയോജിപ്പ് രേഖപ്പെടുത്തുന്നു. പഞ്ചായത്ത് അംഗങ്ങൾ കൂറുമാറുന്നത് നിരോധിക്കുന്നതിന് നിലവിലുള്ള സംവിധാനത്തിൽനിന്നുള്ള ചില മാറ്റങ്ങളാണ് ഈ നിയമ ഭേദഗതിയിലൂടെ ഉദ്ദേശിക്കുന്നത്. കേരളത്തിന്റെ നിലവിലുള്ള രാഷ്ട്രീയ സാഹചര്യങ്ങളിൽ ഈ നിയമം നടപ്പിലാക്കുമ്പോൾ ഗുരുതരമായ പ്രശ്നങ്ങൾ ഉത്ഭവിക്കുമെന്ന കാര്യത്തിൽ സംശയമില്ല. സത്യപ്രതിജ്ഞ ചെയ്യുന്നതിനുമുമ്പ് തെരഞ്ഞെടുത്ത അംഗങ്ങളും ഔദ്യോഗിക രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളും ആ മുന്നണിയിൽനിന്ന് ജയിച്ചിട്ടുള്ളവരും ഒരു ഡിക്ലറേഷൻ പഞ്ചായത്ത് സെക്രട്ടറിക്ക് ഒപ്പിട്ടുകൊടുക്കുന്നുണ്ട്. കൂടാതെ വിപ്പ് കൊടുക്കാനുള്ളത് ഇന്നയാളാണെന്നും ഇതിലുണ്ടാകും. ഇതിനെതിരായി പിന്നീട് എന്തെങ്കിലും സംഭവവികാസങ്ങളുണ്ടായാൽ അടിസ്ഥാന രേഖയായി പരിഗണിക്കുന്നത് പഞ്ചായത്ത് സെക്രട്ടറി സീൽ ചെയ്ത് സൂക്ഷിച്ചിട്ടുള്ള ഈ ഡിക്ലറേഷനാണ്. അംഗീകൃത രാഷ്ട്രീയ പാർട്ടിയോട് കൂറ് പുലർത്തുന്ന സ്വതന്ത്ര അംഗങ്ങളും ഇതിൽ ഒപ്പിടുന്നുണ്ട്. ഈ ഭേദഗതിയിലൂടെ ഈ

വിപ്പിന്റെ അധികാരം പുറത്തേയ്ക്കുകൂടി നൽകുകയാണ്. രാഷ്ട്രീയ പാർട്ടികൾക്ക് ചിഹ്നം നൽകാൻ അധികാരപ്പെട്ടിട്ടുള്ളയാളുടെ തീരുമാനംകൂടി ഇതിലേയ്ക്ക് വരികയാണ്. സ്വതന്ത്ര അംഗങ്ങളുടെ കാര്യം നിയമത്തിൽ പരാമർശിക്കാത്തത് ഗുരുതരമായ പ്രശ്നങ്ങളുണ്ടാക്കും. ഈ നിയമം പഞ്ചായത്തുകളിൽ കൊണ്ടുവരുന്നത് ശരിയാണോയെന്ന് സർക്കാർ ഗൗരവമായി ചിന്തിക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കാൻവേണ്ടി എം.എൽ.എ.-മാർക്ക് അനുവദിച്ചിട്ടുള്ള ആസ്തി വികസന ഫണ്ട് ചെലഴിക്കുന്നതിന് ഭരണാനുമതി ലഭ്യമാകുന്നതിലെ അക്ഷന്തവ്യമായ കാലതാമസം ഒഴിവാക്കാനും നടപടിക്രമങ്ങളിൽ വ്യക്തത വരുത്താനും നടപടിയുണ്ടാകണം

ശ്രീ. ഇ. കെ. വിജയൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു ഈ നിയമത്തിലൂടെ കൂറുമാറ്റം എന്ന പ്രവണത അവസാനിപ്പിക്കാൻ കഴിയാത്ത സാഹചര്യമാണ് രാജ്യത്ത് നിലനിൽക്കുന്നത്. രാഷ്ട്രീയ രംഗത്തെ കൂറുമാറ്റത്തിനുവേണ്ടി കോൺഗ്രസ്സ് നടത്തിയ പ്രവർത്തനങ്ങൾ കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിൽനിന്ന് മനസ്സിലാക്കാം. രാജ്യത്തിന്റെ സ്വാതന്ത്ര്യത്തെ പണയപ്പെടുത്തുന്നവിധം കൂറുമാറ്റം നടത്തുന്ന ജനപ്രതിനിധികളെ തിരിച്ചുവിളിക്കാനുള്ള അവകാശമാണ് വേണ്ടത്. പാർലമെന്ററി ജനാധിപത്യ സംവിധാനത്തെ തകിടം മറിക്കുന്ന പണാധിപത്യത്തിനും ലോക സാമ്രാജ്യത്വത്തിനും കീഴ്പ്പെടുത്തുന്നവരെ അതിൽനിന്നും മോചിപ്പിക്കാനുള്ള പ്രവർത്തനത്തിന് രാജ്യസ്നേഹമുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളും തയ്യാറാകണം. ചില്ലറ വ്യാപാര മേഖലയിലേയ്ക്ക് കോർപ്പറേറ്റ് സ്ഥാപനങ്ങളെ കൊണ്ടുവരാനുള്ള പരിശ്രമത്തിന്റെ ഭാഗമായി വിവിധ രാഷ്ട്രീയ പാർട്ടികളെ സ്വാധീനിക്കുകയും വിലയ്ക്ക് വാങ്ങുകയും ചെയ്ത സാഹചര്യം നില

നിൽക്കുന്നുണ്ട്. ഈ ബിൽ പാസ്സാക്കിയതുകൊണ്ടുമാത്രം ഗ്രാമ പഞ്ചായത്തുകളിലെ കൂറുമാറ്റം തടയാൻ സാധിക്കാത്തതിനാൽ ഇതുസംബന്ധിച്ച് ഗൗരവപൂർവ്വമായ ചർച്ച നടത്തണം.

ശ്രീ. വി.ഡി. സതീശൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2012-ലെ കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ഭേദഗതി ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ കൂറുമാറുന്നതുമൂലം ഗ്രാമ-ത്രിതല പഞ്ചായത്ത് ഭരണ സംവിധാനങ്ങളിൽ അസ്ഥിരതയും അരാജകത്വവും ഉണ്ടാകുകയും വികേന്ദ്രീകരണമെന്ന ലക്ഷ്യത്തെ അട്ടിമറിക്കുകയും ചെയ്യും. ജനപ്രതിനിധികൾ രാജിവയ്ക്കാതെ കൂറുമാറുന്നത് ശരിയല്ല. ഒരാൾ കൂറുമാറിയെന്ന് പ്രഥമദൃഷ്ട്യാ വ്യക്തമായാൽ ഇലക്ഷൻ കമ്മീഷന്റെ അന്തിമ തീരുമാനം വരുന്നതിന് കാത്തുനിൽക്കാതെ അയാൾക്ക് ആദ്യമേ തന്നെ അയോഗ്യത കൽപ്പിക്കണം. കൂറുമാറ്റം പൂർണ്ണമായും നിരോധിച്ചുകൊണ്ട് ഈ നിയമം കൂടുതൽ ശക്തമാക്കണം.

പ്രൊഫ. സി. രവീന്ദ്രനാഥ്: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2012-ലെ കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ഭേദഗതി ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഈ സാഹചര്യത്തിൽ ഇത്തരം ഒരു നിയമം കൊണ്ടുവന്നതുകൊണ്ടുമാത്രം അധികാരവികേന്ദ്രീകരണത്തെ ശക്തിപ്പെടുത്താൻ കഴിയില്ല. സമഗ്രമായ ഒരു നിയമം കൊണ്ടുവരുന്നതിനുപകരം അപൂർണ്ണവും ഭാഗികവുമായ ബിൽ കൊണ്ടുവരു

ന്നതിനോട് വിയോജിക്കുന്നു. ഗ്രാമസഭകൾ കൂടാതിരിക്കുന്നതിനെയും സമയത്ത് കണക്കുകൾ നൽകാത്തതിനെയും ന്യായീകരിക്കുന്നതിനുവേണ്ടി വെവ്വേറെ നിയമങ്ങൾ കൊണ്ടുവരുന്ന രീതി ശരിയല്ല. നിലവിലുള്ള ഭരണകൂടത്തിന്റെ ജനാധിപത്യവത്കരണമാണ് അധികാരവികേന്ദ്രീകരണം. അധികാര വികേന്ദ്രീകരണത്തെ വിപരീതദിശയിലേക്ക് നയിക്കുന്ന നടപടികളാണ് ഈ സർക്കാർ സ്വീകരിക്കുന്നത്. സ്റ്റാറ്റ്യൂട്ടറി പ്ലാനിംഗ് ബോഡിയായ ഡി.പി.സി ഇന്ന് നിഷ്പ്രഭമാണ്. ഇലക്ഷൻ കമ്മീഷൻ പിരിച്ചുവിട്ടവർപോലും ഇപ്പോൾ ഗ്രാമപഞ്ചായത്ത് അംഗങ്ങളും പ്രസിഡന്റുമാരുമായി തുടരുന്നു. പ്രാദേശികാസൂത്രണത്തെ കൂടുതൽ ജനകീയവത്കരിക്കുകയും പങ്കാളിത്തപൂർണമാക്കുകയും ചെയ്യണം. ഫിനാൻഷ്യൽ ടാർജറ്റിനോടൊപ്പം ഫിസിക്കൽ ടാർജറ്റും എത്തിയിട്ടുണ്ടോയെന്നറിയണമെങ്കിൽ ജനകീയ മോണിട്ടറിംഗ് കൂടിയേ കഴിയൂ. ജനകീയ ചർച്ചകൾ നടത്തിയതിനുശേഷമാണ് പദ്ധതികൾക്ക് അംഗീകാരം നൽകുന്നത്. പങ്കാളിത്തപൂർണ്ണമായ പദ്ധതി പ്രവർത്തനത്തിന്റെ സാദ്ധ്യതകൾ കണ്ടെത്തി പങ്കാളിത്തവും ജനകീയതയും നഷ്ടപ്പെടുത്താതെ അധികാര വികേന്ദ്രീകരണം ശക്തിപ്പെടുത്തണം. ലോകത്തിന് മാതൃകയാകത്തക്കവിധത്തിൽ സംസ്ഥാനത്ത് സമഗ്രമായ നിയമനിർമ്മാണം നടത്തണം.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): നിയമം ഉണ്ടായിട്ടും കൂറുമാറ്റം ആവർത്തിക്കപ്പെടുന്നത് ഒഴിവാക്കുന്നതിനുവേണ്ടിയാണ് ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. നിലവിലുള്ള നിയമം അനുസരിച്ച് കൂറുമാറുന്നതിന് ഒരാൾ നേരിട്ടോ പതിച്ചു കൊടുക്കുകയോ ചെയ്താൽ മതിയാകും. എന്നാൽ പുതിയ നിയമമനുസരിച്ച് ഇതിന്റെ ഒരു പകർപ്പ് സെക്രട്ടറിക്കുകൂടി അയച്ചു കൊടുക്കേണ്ടതാണ്. ഈ നിയമം അധികാര വികേന്ദ്രീകരണത്തെ തകർക്കുകയോ ഗ്രാമസഭകളെ നിഷ്പ്രഭമാ

ക്കുകയോ ചെയ്യില്ല. ഗ്രാമസഭകൾ കൃത്യമായി കൂടുന്നതിനുവേണ്ടിയാണ് നാല് സ്റ്റാറ്റ്യൂട്ടറി ഗ്രാമസഭകളെ മൂന്നാക്കി ചുരുക്കി നാലാമത്തേതിനെ ഇമ്യൂണൈസേഷൻ, ന്യൂട്രീഷ്യൻ തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യുന്ന സ്പെഷ്യൽ ഗ്രാമസഭയാക്കി മാറ്റാൻ നിർദ്ദേശിച്ചിട്ടുള്ളത്. ഇതിലൂടെ ഗ്രാമസഭകൾ കാര്യക്ഷമമായി കൂടുകയും തീരുമാനങ്ങളിൽ പങ്കാളിത്തം ഉണ്ടാകുകയും ചെയ്യും. ഡി.പി.സി.-യിൽ കരട് പദ്ധതി അംഗീകരിച്ചതിനുശേഷമാണ് പദ്ധതി വേണമോ വേണ്ടയോ എന്ന് തീരുമാനിക്കുന്നത്. ഈ നിയമത്തിലൂടെ പഞ്ചായത്തുകളുടെ ആഗ്രഹത്തിനനുസരിച്ചുള്ള പ്രോജക്ടുകൾക്ക് അംഗീകാരം ലഭിക്കുന്ന സാഹചര്യമാണുണ്ടാകാൻ പോകുന്നത്.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

109, 110, 111, 112 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>3-ാം വകുപ്പ്</u>

113, 114, 115 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>4 - ാം വകുപ്പ്</u>

4 - ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1 – ാം വകുപ്പും പീഠികയും പേരും

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): 2012 ലെ കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(2) **2012 –ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ**.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): 2012 –ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി.റ്റി.എ.റഹീം : വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഗ്രാമസഭകളെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും ദുർബലപ്പെടുത്തുന്ന നടപടിയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഗ്രാമസഭ വിളിച്ചുകൂട്ടേണ്ട കാലാവധി ദീർഘിപ്പിക്കുക വഴി ഉദ്യോഗസ്ഥന്മാർക്ക് ഇഷ്ടംപോലെ കാര്യങ്ങൾ നടത്തിക്കൊണ്ടു പോകാനുള്ള സ്ഥിതിവിശേഷമാണ് ഉണ്ടാക്കിയിരിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള അധികാരങ്ങൾ ഓരോന്നായി പിൻവലിക്കാനുള്ള ശ്രമമാണ് നടക്കുന്നത്.

<u>ശ്രീ. ഇ.കെ. വിജയൻ:</u> വിജോയിപ്പ് രേഖപ്പെടുത്തുന്നു. ഈ ബില്ലിൽ സ്വത്ത് വിവരം പ്രഖ്യാപിക്കുന്നതിന് 15 മാസത്തെ സമയം നൽകണമെന്ന വ്യവസ്ഥയോട് യോജിക്കാൻ കഴിയുകയില്ല. ഏകോപനത്തോടെ പ്രവർത്തിച്ചിരുന്ന തദ്ദേശസ്വയംഭരണ വകുപ്പിനെ അശാസ്ത്രീയമായി വിഭജിച്ചതുമൂലം വികസന പദ്ധതികൾ അവതാളത്തിലായിരിക്കുകയാണ്. തൊഴിലുറപ്പ് പദ്ധതിയും ദേശീയ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും യോജിപ്പിച്ച് കൊണ്ടുപോകാൻ കഴിയാത്ത അവസ്ഥയാണുള്ളത്. കെട്ടിടനിർമ്മാണ രംഗത്തുണ്ടായിരുന്ന നിയന്ത്രണങ്ങൾ എടുത്തുകളഞ്ഞത് ഫ്ളാറ്റ് ലോബികളുടെ വളർച്ചയ്ക്ക് സഹായകമായിരിക്കുകയാണ്. ഗ്രാമപഞ്ചായത്തുകളുടെ ഭരണം സ്തംഭനാവസ്ഥയിലാണ്. ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനുവേണ്ടി ഗ്രാമപഞ്ചായത്തുകൾക്ക് പ്രത്യേക ഫണ്ട് അനുവദിക്കണം.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ:</u> വിയോജിപ്പ് രേഖപ്പെടുത്തുന്നു. പഞ്ചായത്തുകളുടെ പ്രവർത്തനവും പഞ്ചായത്ത് മെമ്പർമാരുടെ രാഷ്ട്രീയ പ്രബുദ്ധതയും സേവന സന്നദ്ധതയും ശക്തിപ്പെടുത്താനും ഉപയുക്തമാകുന്ന ഒരു നിർദ്ദേശമല്ല ഈ ഭേദഗതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. ടാഗ് സംവിധാനം വേണ്ടെന്ന് തീരുമാനിച്ച് പദ്ധതികൾക്ക് അംഗീകാരം കൊടുക്കേണ്ട ബാധ്യത ഉദ്യോഗസ്ഥന്മാരിലേക്ക് മാറ്റിയപ്പോൾ ഇതിന്മേൽ സൂക്ഷ്മപരിശോധന നടത്താനോ സഹായിക്കാനോ തയ്യാറാകാതെ ഈ സംവിധാനത്തെ അവതാളത്തിലാക്കുന്ന സ്ഥിതിവിശേഷമാണുള്ളത്. ക്ഷേമ പെൻഷനുകളും റേഷൻ സബ്സിഡിയും ബാങ്കുകളിലൂടെ ആക്കുമ്പോൾ ആവശ്യമായ അടിസ്ഥാന സൗകര്യമുണ്ടോയെന്നും ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടെന്താണെന്നും പരിശോധിക്കണം. കേരളത്തിലെ എ.പി.എൽ./ബി.പി.എൽ. പട്ടികയിൽ ഉണ്ടായിട്ടുള്ള അവ്യക്തത പരിഹരിക്കണം. ഐ.എ.വൈ പദ്ധതി നടപ്പിലാക്കാൻ

ആവശ്യമായ ഫണ്ട് ബ്ലോക്ക് പഞ്ചായത്തുകൾക്ക് ലഭ്യമല്ലാത്തതുകൊണ്ട് നടപ്പിലാക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. കെട്ടിട നികുതിയെ സംബന്ധിച്ച അവ്യക്തത ഇപ്പോഴും തുടരുകയാണ്.

ശ്രീ. ബി. സത്യൻ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പഞ്ചായത്ത്രാജ് ആക്ട് പ്രകാരം നിലവിൽ വന്ന ത്രിതല പഞ്ചായത്ത് സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പദ്ധതിയുടെ വിഹിതത്തിന്റെ മൂന്നിലൊന്ന് ശതമാനത്തോളം തുക തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നൽകി അവയെ സ്വയംഭരണ സ്ഥാപനങ്ങളാക്കി മാറ്റാനുള്ള പരിശ്രമങ്ങളാണ് എൽ.ഡി.എഫ്. ഗവൺമെന്റ് എക്കാലവും സ്വീകരിച്ചിട്ടുള്ളത്. തദ്ദേശ ഭരണ സ്ഥാപനങ്ങളെ ഏകോപിപ്പിക്കുന്ന ജില്ലാ ആസൂത്രണ സമിതിയുടെ അധികാരം കവർന്നെടുത്തുകൊണ്ട് അധികാര വികേന്ദ്രീകരണത്തിന്റെ കടയ്ക്കൽ കത്തിവയ്ക്കുന്ന സ്ഥിതിവിശേഷമാണ് ഈ ബിൽ പാസ്സാകുന്നതോടുകൂടി വരാൻ പോകുന്നത്.

ശ്രീ. കെ. എൻ. എ. ഖാദർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. തദ്ദേശഭരണസ്ഥാപനങ്ങളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികൾ കൃത്യസമയത്ത് സ്വത്തുവിവരം വെളിപ്പെടുത്താത്തപക്ഷം അവരെ അയോഗ്യരാക്കാതിരിക്കുന്നതിനുവേണ്ടി 15 മാസമായി സമയം ദീർഘിപ്പിച്ച് നൽകുന്നതിനുള്ള ഭേദഗതി ഈ ബില്ലിൽ

കൊണ്ടുവന്നിരിക്കുകയാണ്. കൃത്യസമയത്തുതന്നെ സ്വത്തുവിവരം വെളിപ്പെടുത്താതിരിക്കുന്നത് പ്രോത്സാഹജനകമല്ല. ഡി.പി.സി.ക്ക് നിലവിലുള്ള അധികാരം നിലനിർത്തിയത് നല്ല കാര്യമാണ്. കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കിയതോടെ ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സാധിച്ചിട്ടുണ്ട്. ഐ.ടി. മേഖലയുടെ എല്ലാ നേട്ടങ്ങളും പഞ്ചായത്തീരാജ് സംവിധാനത്തിലും പ്രയോജനപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ജനന-മരണ സർട്ടിഫിക്കറ്റുകൾ ഓൺലൈനിൽ ലഭിക്കാനുള്ള സംവിധാനമുണ്ടാക്കാൻ കഴിഞ്ഞു. പഞ്ചായത്തുകളിൽ ആവശ്യാനുസരണം എഞ്ചിനീയർമാരേയും സ്റ്റാഫിനെയും നിയമിക്കാനുള്ള നടപടി സ്വീകരിച്ചതിലൂടെ 2000-ത്തോളം പേർക്ക് പുതുതായി ജോലി ലഭിക്കുന്ന അവസ്ഥയുണ്ടാകും. മാലിന്യം ഉറവിടങ്ങളിൽത്തന്നെ സംസ്കരിക്കുന്നതിന് മാതൃകാപരമായ നടപടി സ്വീകരിച്ചു. ജലവിതരണം, വിദ്യാഭ്യാസം, ആരോഗ്യം മുതലായ വിവിധ മേഖലകളിൽ മൗലികമായ മാറ്റങ്ങൾ വരുത്താൻ കഴിഞ്ഞിട്ടുണ്ട്. മദ്യനിരോധനം സമ്പൂർണ്ണമായി നടപ്പാക്കുന്നതിനും പരിസ്ഥിതി സംരക്ഷണത്തിനുമുള്ള അധികാരം പഞ്ചായത്തുകൾക്ക് നൽകണം. പഞ്ചായത്തുകളെ കൂടുതൽ ജനാധിപത്യവൽക്കരിക്കാൻ നടപടിയുണ്ടാകണം.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) : ബില്ലിലെ ഭേദഗതി ചെയ്യുന്ന വകുപ്പുമായി ബന്ധപ്പെട്ട ചർച്ച വളരെ പരിമിതമായിരുന്നു. കൗൺസിലർമാരായി തെരഞ്ഞെടുക്കാനുള്ള നോമിനേഷൻ സമർപ്പിക്കുമ്പോൾ സ്വത്ത് വിവരം വെളിപ്പെടുത്തുന്നുണ്ടെങ്കിലും അധികാരമേറ്റ് 15 മാസത്തിനിടയിൽ ആർജ്ജിച്ച സ്വത്ത് വിവരം വെളിപ്പെടുത്താനുള്ള സൗകര്യം ചെയ്തുകൊടുക്കുക എന്ന സദുദ്ദേശത്തോടുകൂടിയാണ് ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെടുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2012-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

107, 110, 114, 118, 122 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

<u>1-ാം വകുപ്പും പീഠികയും പേരും</u>

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ഡോ. എം. കെ. മുനീർ)</u> : 2012-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി <u>(ശ്രീ. കെ. ബി. ഗണേഷ് കുമാർ)</u> : പ്രമേയത്തെ പിന്താങ്ങുന്നു.

2012-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

**<u>അരമണിക്കൂർ ചർച്ച (ചട്ടം 49)</u>**

**<u>2012 ഡിസംബർ 11-ാം തീയതിയിലെ 32-ാം നമ്പർ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്റെ മറുപടിയിൽനിന്നും ഉളവായ പൊതുപ്രാധാന്യമുള്ള കാര്യത്തെപ്പറ്റി ചർച്ച ചെയ്യുവാൻ ശ്രീ. സി. ദിവാകരൻ നോട്ടീസ് നൽകിയത്</u>**

**<u>അറിയിപ്പ്</u>**

<u>മി. സ്പീക്കർ</u> : നോട്ടീസ് നൽകിയ അംഗത്തിന് ലഘുപ്രസംഗം നടത്തുന്നതിനും ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്ക് മറുപടി പറയുന്നതിനും **5** മിനിട്ട് വീതം സമയം അനുവദിക്കുന്നതാണ്. ഇതിന്മേൽ ഔപചാരികമായ പ്രമേയമോ വോട്ടെടുപ്പോ ഒന്നും ഉണ്ടായിരിക്കുന്നതല്ല. ചെയറിനെ മുൻകൂട്ടി അറിയിച്ചിട്ടുള്ള അംഗങ്ങൾക്ക് കൂടുതൽ വിശദീകരണം ലഭിക്കുന്നതിനായി ഒരു ചോദ്യം വീതം വകുപ്പുമന്ത്രിയോട് ചോദിക്കാനുള്ള അവസരം ലഭിക്കുന്നതാണ്.

<u>ശ്രീ. സി. ദിവാകരൻ</u> : സംസ്ഥാനത്തെ **5,30,000** -ഓളം സർക്കാർ ജീവനക്കാർ, അധ്യാപകർ എന്നിവരുടേയും **1,80,000**-ൽപ്പരം വരുന്ന പെൻഷൻകാരുടേയും ആനുകൂല്യങ്ങൾ മുഴുവൻ നിർദ്ദയമായി നിഷേധിക്കുന്ന സമീപനമാണ് പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിലൂടെ ഈ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. സർക്കാർ ജീവനക്കാർക്ക് രണ്ട് രീതിയിൽ പെൻഷൻ നൽകാനുള്ള പദ്ധതി കൊണ്ടുവരികയാണ് ഇതിലൂടെ ചെയ്യുന്നത്. പെൻഷൻ സർക്കാർ ജീവനക്കാരുടെ അവകാശമാണെന്നും ബാധ്യതയല്ലെന്നും **1982**-ൽ സുപ്രീം കോടതി വിധി പുറപ്പെടുവിച്ചിട്ടുള്ളതാണ്. സർക്കാർ ജോലിയുടെ ആകർഷണം എന്നത് പെൻഷൻ ലഭിക്കുമെന്നുള്ളതുതന്നെയാണ്. **2005**-ൽ കേന്ദ്ര ഗവൺമെന്റിൽ ഇതുസംബന്ധിച്ച ബിൽ അവതരിപ്പിച്ചെങ്കിലും സംസ്ഥാനങ്ങളിൽ നടപ്പാക്കണമെന്നുള്ള കാര്യം

ഓപ്ഷണൽ മാത്രമാണ്. ജീവനക്കാരുടെ ശമ്പളത്തിൽനിന്നും പിടിക്കുന്ന **10%** തുക റിലയൻസ് പോലുള്ള സ്വകാര്യ ബാങ്കുകളിൽ നിക്ഷേപിക്കാൻ പോകുന്ന നടപടിയും പ്രതിഷേധാർഹമാണ്. ഏകപക്ഷീയമായി പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കാനുള്ള തീരുമാനം പുനഃപരിശോധിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ.കെ.എം. മാണി) : പങ്കാളിത്ത പെൻഷൻ നിലവിലുള്ള ജീവനക്കാരെയും ബാധിക്കുമെന്നും നിലവിലുള്ള സർവ്വീസ് ചട്ടങ്ങളേയും കീഴ്വഴക്കങ്ങളേയും അട്ടിമറിക്കുമെന്നുമുള്ള പ്രതിപക്ഷ ആരോപണം അടിസ്ഥാനരഹിതമാണ്. നാഷണൽ പെൻഷൻ സിസ്റ്റമെന്ന പദ്ധതി നടപ്പാക്കാനുള്ള മന്ത്രിസഭയുടെ തീരുമാനപ്രകാരം **01-04-2013**-നുശേഷം സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് മാത്രമായിരിക്കും ഈ പദ്ധതി ബാധകമാകുക. പുതിയ പെൻഷൻ സ്കീം ആൾ ഇന്ത്യാ സർവ്വീസ് ജീവനക്കാർക്ക് **2004** മുതൽ ബാധകമാണ്. വെസ്റ്റ് ബംഗാൾ, ത്രിപുര എന്നീ സംസ്ഥാനങ്ങൾ ഒഴികെ ഇന്ത്യയിലെ മറ്റ് എല്ലാ സംസ്ഥാനങ്ങളിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പെൻഷൻ ബാധ്യത വർഷംതോറും കൂടി വരികയാണെന്ന് മാത്രമല്ല, റവന്യൂ വരുമാനത്തിന്റെ 65 ശതമാനം വരെ ചെലവഴിക്കുകയുമാണ്. ഭാവിയിൽ പെൻഷൻ കൊടുക്കാൻ സാധിക്കാത്ത സ്ഥിതി മുന്നിൽകണ്ടുകൊണ്ടാണ് പുതിയ സ്കീം കൊണ്ടുവരാൻ തീരുമാനിച്ചിട്ടുള്ളത് ഈ പദ്ധതിപ്രകാരം ശമ്പളത്തിന്റെ 10 ശതമാനം വിഹിതം സർവ്വീസിൽ പ്രവേശിക്കുമ്പോൾ മുതൽ ഗവൺമെന്റ് നൽകുകയാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സർവ്വീസ് സംഘടനകളുമായി നടന്ന ചർച്ചയിൽ ഇതു സംബന്ധിച്ച ജീവനക്കാരുടെ ആശങ്കയകറ്റുകയും ചെയ്തിട്ടുള്ളതാണ്.

(തുടർന്ന് സർവ്വശ്രീ വി.എസ്. അച്ചുതാനന്ദൻ, പി.സി. വിഷ്ണുനാഥ്, ഷാഫി പറമ്പിൽ, ടി.വി. രാജേഷ്, പി. ഉബൈദുള്ള, കെ. അജിത്, ഹൈബി ഈഡൻ, തോമസ് ഉണ്ണിയാടൻ, വി.എം. ഉമ്മർ മാസ്റ്റർ, പി. ശ്രീരാമകൃഷ്ണൻ, ഡോ. ടി.എം. തോമസ് ഐസക്, ശ്രീമതി ജമീല പ്രകാശം എന്നിവർ ഉപ ചോദ്യങ്ങൾ ചോദിക്കുകയുണ്ടായി.)

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ജീവനക്കാർക്ക് താല്പര്യമുള്ളയിടത്ത് പെൻഷൻ കോൺട്രിബ്യൂഷൻ നിക്ഷേപിക്കുന്നതിന് കേന്ദ്രഗവൺമെന്റിന്റെ അനുമതിക്കായി എഴുതിയിട്ടുണ്ട്. സംസ്ഥാനത്ത് പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കുന്ന ആദ്യവർഷങ്ങളിൽ ഏകദേശം 6 കോടി രൂപയുടെ അധിക ബാധ്യത ഗവൺമെന്റിനുണ്ടാകും. ഇതുസംബന്ധിച്ച് ധനകാര്യ വകുപ്പ് പഠനം നടത്തിയിട്ടുണ്ട്. ഈ പദ്ധതി സിസ്റ്റമാറ്റിക് ആയി നടപ്പിലാക്കും. സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരന്റെ അക്കൗണ്ടിലുള്ള തുകയനുസരിച്ച് കുടുംബ പെൻഷനും കുടുംബത്തിലെ ഒരാൾക്ക് ജോലി ലഭിക്കുന്നതുവരെ ജീവനക്കാരന് അവസാനം ലഭിച്ച ശമ്പളവും നൽകുന്നതാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതുകൊണ്ട് ജീവന ക്കാർക്ക് കിട്ടുന്ന പെൻഷനിലോ സർക്കാരിനുണ്ടാകുന്ന ബാധ്യതയിലോ കുറവ് ഉണ്ടാകുന്നില്ല. മിനിമം പെൻഷൻ റേറ്റ് കേന്ദ്രഗവൺമെന്റിന്റെ വ്യവസ്ഥകളെ ആശ്രയിച്ചാണിരിക്കുന്നത്.

(പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച് അംഗങ്ങൾ ഉന്നയിച്ച ചോദ്യങ്ങൾക്ക് തൃപ്തികരമായ മറുപടി നൽകിയില്ല എന്നാരോപിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭവിട്ട് പുറത്തുപോയി.)

<u>മി. സ്പീക്കർ</u>: ആരോഗ്യകരമായ നിയമസഭാ പ്രവർത്തനത്തിനും അംഗങ്ങൾക്ക് ഗുണപ്രദമായിമാറേണ്ട നടപടിക്രമങ്ങളുടെ ഭാഗമായും ഇത്തരം അവസരങ്ങൾ നിയമസഭാംഗങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്താതെ പോയതിൽ ചെയറിന് വളരെയധികം നിരാശയുണ്ടെന്ന് അറിയിക്കുന്നു.

സഭ വൈകുന്നേരം 3.30-ന് പിരിഞ്ഞു.

* * * * * * * * * *